# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 587 — 07.01.2014-ലെ മറുപടിക്ക്

## അനാവശ്യ തസ്തികകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ഡോ. കെ.ടി. ജലീൽ | | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| (എ) | പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റി (പി.എ.ആർ.സി.) ശുപാർശ ചെയ്തതും അനാവശ്യ തസ്തികകൾ എന്ന് കരുതപ്പെടുന്നതുമായ മൊത്തം തസ്തികകൾ എത്രയാണെന്ന് വ്യക്തമാക്കാമോ; | പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റി എന്നൊരു കമ്മിറ്റിയെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. എന്നാൽ ശ്രീ. ഇ.കെ.നായനാർ ചെയർമാനായ മൂന്നാം ഭരണപരിഷ്ക്കാര കമ്മിറ്റി സർക്കാരിന് ശുപാർശകൾ നൽകിയിരുന്നു. പ്രസ്തുത ശുപാർശകളിൽ അനാവശ്യ തസ്തികകൾ എന്നു കരുതപ്പെടുന്ന തസ്തികകൾ ഒന്നും ഇല്ല.<br>പ്രത്യേകാവശ്യങ്ങൾക്കായി സൃഷ്ടിക്കപ്പെട്ട താത്കാലിക തസ്തികകൾ നിലനിറുത്തുന്നതിന്റെ അവശ്യകത പരിശോധിക്കാൻ ധനകാര്യ (എക്സ്പെൻഡിച്ചർ) സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | 'അനാവശ്യ തസ്തിക'കളായി കരുതപ്പെടുന്നവയുടെ എണ്ണം വകുപ്പ് തിരിച്ച് വിശദമാക്കാമോ; | |
| (സി) | സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന്റെ ഭാഗമായി, പ്രസ്തുത തസ്തികകളുടെ കാര്യത്തിൽ ധനകാര്യ വകുപ്പ് സ്വീകരിച്ച നിലപാട് എന്താണെന്ന് വിശദമാക്കാമോ ? | |

സെക്ഷൻ ഓഫീസർ